**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 643** | **13-10-2026-ൽ മറുപടിയ്ക്ക്**

# ലഹരി കടത്ത് തടയുന്നതിന് നടപടി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ അനധികൃത മദ്യവും ലഹരിവസ്തുക്കളും കണ്ടെത്തുന്നതിനുള്ള പരിശോധന എത്രത്തോളം ശക്തിപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാന അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിൽ അനധികൃത മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പ് പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. അനധികൃത മദ്യത്തിന്റെയും ഇതര ലഹരിവസ്തുക്കളുടെയും കടത്ത്, വിൽപന, ഉപയോഗം എന്നിവ പൂർണ്ണമായി തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ **'ഓപ്പറേഷൻ തണ്ടർ'** എന്ന പേരിൽ സമഗ്രമായ തീവ്രയജ്ഞ സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും കർശനമായ പരിശോധനകൾ നടത്തുന്നു. ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിലൂടെയുള്ള ലഹരി കടത്ത് തടയുന്നതിനായി 'കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റും' (KEMU) സ്ട്രൈക്കിംഗ് ഫോഴ്സ് ടീമുകളും നിരന്തര പെട്രോളിംഗും മിന്നൽ പരിശോധനകളും ഊർജ്ജിതമായി നടത്തിവരുന്നു. 01.01.2026 മുതൽ സംസ്ഥാനത്തെ വിവിധ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ നടത്തിയ പരിശോധനകളിൽ 186 അബ്കാരി കേസുകളും 400 NDPS കേസുകളും 15,350 COTPA കേസുകളും കണ്ടെടുത്തിട്ടുണ്ട്.

**(ബി)** അതിർത്തി ജില്ലകളിൽ ലഹരി കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പും പോലീസ് വകുപ്പും സംയുക്ത പരിശോധനകൾ നടത്തുന്നുണ്ടോ; ഈ വർഷത്തെ പരിശോധനകളുടെ കണക്ക് നൽകുമോ;

**മറുപടി:** അതിർത്തി ജില്ലകൾ കേന്ദ്രീകരിച്ചുള്ള ലഹരിക്കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പ് കേരള പോലീസുമായും അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനകളുമായും ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നുണ്ട്. ഈ വർഷം ഇത്തരത്തിൽ 948 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇതിൽ 387 എണ്ണം കേരള പോലീസുമായി ചേർന്ന് നടത്തിയതാണ്.

**(സി)** ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ച് മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും അനധികൃത ക്രയവിക്രയം കണ്ടെത്താൻ പുതിയ സാങ്കേതിക വിദ്യകൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ലഹരിവസ്തുക്കളുടെ ഉറവിടവും വിതരണ ശൃംഖലയും കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വരുന്നു. ലഹരിവസ്തുക്കൾ പിടിച്ചെടുക്കുന്നതിൽ മാത്രമല്ല അവയുടെ ഉറവിടം, വിതരണ ശൃംഖലയിലെ പ്രധാന കണ്ണികൾ, സംഘടിത കുറ്റകൃത്യങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന വ്യക്തികൾ, സാമ്പത്തിക ഇടപാടുകൾ എന്നിവ കണ്ടെത്തുന്നതിനും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട തെളിവുകൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വരുന്നു.

**<u>കോൾ ഡീറ്റെയിൽസ് റെക്കോർഡ് (CDR), ടവർ ലൊക്കേഷൻ വിശകലനം</u>**

കേരള പോലീസിന്റെ സാങ്കേതിക സഹായത്തോടെ പ്രതികളുടെയും സംശയാസ്പദ വ്യക്തികളുടെയും കോൾ ഡീറ്റെയിൽസ് റെക്കോർഡുകൾ (CDR), മൊബൈൽ ടവർ ലൊക്കേഷൻ വിവരങ്ങൾ നിയമാനുസൃതമായി ശേഖരിച്ച് വിശകലനം ചെയ്യുന്നു.

**<u>പീപ്പിൾസ് ഐ ആപ്പ്</u>**

വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 16-09-2026 മുതൽ 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്പ് വഴി സമർപ്പിക്കുന്ന പരാതികൾ പ്രസ്തുത പ്രദേശത്തിന്റെ ചുമതലയുള്ള എക്സൈസ് റേഞ്ച്/സർക്കിൾ ഓഫീസിലേക്ക് ഓട്ടോമേറ്റഡ് റൂട്ടിംഗ് (Automated Routing) വഴി ഉടനടി കൈമാറ്റം ചെയ്യപ്പെടുന്നു. ഫീൽഡ് ഓഫീസുകൾ സ്വീകരിക്കുന്ന നടപടികൾ എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് തത്സമയം (Real-time tracking) നിരീക്ഷിക്കാനുള്ള സംവിധാനവും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ദിവസത്തിനുള്ളിൽ പരാതിയിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ടി പരാതി അന്വേഷിക്കുന്നതിന് ഒരു സീനിയർ ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനും സംവിധാനം നിലവിലുണ്ട്.

**<u>ബാങ്ക് അക്കൗണ്ട് പരിശോധന</u>**

ലഹരിവസ്തുക്കളുടെ അനധികൃത വ്യാപാരത്തിലൂടെ ലഭിക്കുന്ന പണം, വിതരണശൃംഖലയിലെ വിവിധ വ്യക്തികൾ തമ്മിലുള്ള സാമ്പത്തിക ഇടപാടുകൾ, ബാങ്ക് അക്കൗണ്ടുകളിലൂടെയുള്ള പണമൊഴുക്ക് എന്നിവ പരിശോധിച്ച് സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>ഡിജിറ്റൽ ഫോറൻസിക് പരിശോധന</u>**

പിടിച്ചെടുക്കുന്ന മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ, മറ്റ് ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവയിൽനിന്ന് നിയമാനുസൃതമായി ലഭ്യമാകുന്ന വിവരങ്ങൾ ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കുന്നു. സന്ദേശങ്ങൾ, ബന്ധപ്പെടുന്ന വ്യക്തികളുടെ വിവരങ്ങൾ, ഇടപാടുകളുമായി ബന്ധപ്പെട്ട രേഖകൾ, ലഭ്യമായ മറ്റ് ഡിജിറ്റൽ തെളിവുകൾ എന്നിവ വിശകലനം ചെയ്ത് കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളെയും വിതരണ ശൃംഖലകളെയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

**<u>സോഷ്യൽ മീഡിയയും ഓൺലൈൻ ഇടപാടുകളും നിരീക്ഷിക്കൽ</u>**

സമൂഹമാധ്യമങ്ങൾ, ഓൺലൈൻ ആശയവിനിമയ പ്ലാറ്റ്ഫോമുകൾ, മറ്റ് ഡിജിറ്റൽ മാർഗങ്ങൾ എന്നിവ ദുരുപയോഗം ചെയ്ത് നടത്തുന്ന ലഹരിവസ്തുക്കളുടെ വിൽപ്പനയും വിതരണവും കണ്ടെത്തുന്നതിനായി ലഭ്യമായ വിവരങ്ങൾ പരിശോധിക്കുന്നു.

**<u>സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ</u>**

ലഹരിക്കടത്ത് സംഘങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും സംഘടിത കുറ്റകൃത്യങ്ങളുടെ ശൃംഖല വിശകലനം ചെയ്യുന്നതിനുമായി 06-10-2026 മുതൽ ആരംഭിച്ച സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ ഭാഗമായി സൈബർ ഇന്റലിജൻസ്, സൈബർ ഓപ്പറേഷൻസ് സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ വിവരശേഖരണം, സാങ്കേതിക വിശകലനം, വിവിധ കേസുകളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ഏകോപനം എന്നിവയിലൂടെ ലഹരിവസ്തുക്കളുടെ ഉറവിടവും വിതരണശൃംഖലയും കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

**<u>ചെക്ക്പോസ്റ്റുകളിലെ പരിശോധന</u>**

അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള CCTV ക്യാമറകൾ ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് വാഹനങ്ങളുടെ നീക്കവും പരിശോധനാ പ്രവർത്തനങ്ങളും നിരീക്ഷിച്ചു വരുന്നു. എന്നാൽ നിലവിൽ കമ്പ്യൂട്ടർ, പ്രിന്റർ, CCTV ക്യാമറകൾ തുടങ്ങിയ അടിസ്ഥാന ഉപകരണങ്ങൾക്കപ്പുറം വാഹനങ്ങളുടെ ഉള്ളിൽ ഒളിപ്പിച്ചുവെക്കുന്ന ലഹരിവസ്തുക്കൾ കണ്ടെത്താൻ സഹായിക്കുന്ന പ്രത്യേക സ്കാനറുകൾ, സംയോജിത വാഹന ട്രാക്കിങ് സംവിധാനങ്ങൾ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ എല്ലാ ചെക്ക്പോസ്റ്റുകളിലും ലഭ്യമല്ല. ചെക്ക്പോസ്റ്റുകളുടെ ആധുനികവത്കരണത്തിലൂടെ ഈ പരിമിതികൾ പരിഹരിക്കുന്നതിനും പരിശോധനകൾ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ലക്ഷ്യമിടുന്നു.

**<u>കള്ളിന്റെ ഉൽപ്പാദനം മുതൽ വിൽപ്പന വരെയുള്ള ഡിജിറ്റൽ നിരീക്ഷണം</u>**

കള്ളിന്റെ ഉൽപ്പാദന കേന്ദ്രം മുതൽ വിൽപ്പനശാല വരെയുള്ള നീക്കം നിരീക്ഷിക്കുന്നതിനായി ട്രീ-ടു-ഷോപ്പ് ട്രാക്ക് ആൻഡ് ട്രേസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. GPS അധിഷ്ഠിത വാഹന ലൊക്കേഷൻ ട്രാക്കിങ് സംവിധാനങ്ങൾ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ കള്ളിൽ മായം ചേർക്കുന്നത് തടയുന്നതിനു ലക്ഷ്യമിടുന്നു.

**<u>ഡ്രോൺ, ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ</u>**

നിരീക്ഷണം പ്രയാസമുള്ള പ്രദേശങ്ങൾ, ദുർഘടമായ ഭൂപ്രദേശങ്ങൾ, സംശയാസ്പദമായ സംഭരണകേന്ദ്രങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിരീക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി ഡ്രോൺ, ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിഗണിക്കുന്നു.

**<u>വകുപ്പുകൾ തമ്മിലുള്ള വിവരവിനിമയവും ഏകോപനവും</u>**

എക്സൈസ് വകുപ്പ്, കേരള പോലീസ്, മറ്റ് അന്വേഷണ ഏജൻസികൾ എന്നിവയ്ക്കിടയിൽ നിയമാനുസൃതമായി വിവരങ്ങൾ കൈമാറുകയും ആവശ്യമായ സാഹചര്യങ്ങളിൽ സംയുക്ത പരിശോധനകളും അന്വേഷണങ്ങളും നടത്തുകയും ചെയ്യുന്നു. വിവിധ കേസുകളിലെ വിവരങ്ങൾ പരസ്പരം ബന്ധപ്പെടുത്തി പരിശോധിക്കുന്നതിലൂടെ ഒന്നിലധികം ജില്ലകളിലോ സംസ്ഥാനങ്ങളിലോ വ്യാപിച്ചു കിടക്കുന്ന ലഹരിക്കടത്ത് ശൃംഖലകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സാധിക്കുന്നു.

**സെക്ഷൻ ഓഫീസർ**